**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 103** | **10-06-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം വ്യവസായം ശക്തിപ്പെടുത്തുവാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി യു പ്രതിഭ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പ്രതികൂലമായ സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് വിനോദസഞ്ചാര മേഖലയിൽ മുൻ സർക്കാരിന്റെ കാലത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. വിനോദസഞ്ചാര വികസനത്തിന് പ്രകൃതി ദുരന്തങ്ങളും നിപ, കൊറോണ തുടങ്ങിയ പകർച്ച വ്യാധികളും സൃഷ്ടിച്ച പ്രതിബന്ധം മറികടക്കാൻ വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ കൊണ്ട് സാധിച്ചിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും ടൂറിസം വകുപ്പ് മാർക്കറ്റിംഗ് ക്യാമ്പയിനുകളിലൂടെയും ട്രേഡ് മീറ്റുകളിലൂടെയും ട്രേഡ് ഫെയറുകളിലൂടെയും നടത്തിയ ഇടപെടലുകൾ കേരള ടൂറിസത്തിന്റെ ബ്രാൻഡ് വാല്യൂ ഉയർത്തുന്നതിനും തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. 2019ൽ കേരളത്തിലെത്തിയ ടൂറിസ്റ്റുകളുടെ എണ്ണത്തിലുള്ള വർദ്ധനവും നവമാധ്യമങ്ങളിൽ കേരള ടൂറിസത്തെ പിന്തുടരുകയും സെർച്ച് ചെയ്യുകയും ചെയ്യുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവും കേരള ടൂറിസത്തിനു ലഭിച്ച ദേശീയ-അന്താരാഷ്ട്ര അവാർഡുകളും ഇതിനുള്ള തെളിവുകളാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ്, നിശാഗന്ധി ഉത്സവം തുടങ്ങിയ വിവിധ സാംസ്കാരിക പരിപാടികളിലൂടെ ലോക ശ്രദ്ധ നേടുന്നതിനും കേരള ടൂറിസത്തിന് സാധിച്ചിട്ടുണ്ട്. |
| (ബി) | വിനോദസഞ്ചാര മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനോടൊപ്പം സാംസ്കാരിക വിനിമയം വഴി ലോകശ്രദ്ധ നേടാനും കേരളത്തിന്റെ യശസ്സ് വർദ്ധിപ്പിക്കുന്നതിനും മേല്പറഞ്ഞ കാലയളവിൽ കഴിഞ്ഞിട്ടുണ്ടോ; | (ബി) | പിരിവ് (എ) യുടെ അതേ ഉത്തരം |
| (സി) | പ്രസ്തുത മേഖലയിലെ വൈവിധ്യമാർന്ന ഉത്പന്നങ്ങൾ, ലോകപ്രശസ്ത ബ്രാൻഡുകൾ, പ്രാദേശിക സംരംഭങ്ങളുടെ സാന്നിധ്യം എന്നിവ | (സി) | കേരളത്തിന്റെ വൈവിധ്യമാർന്ന കരകൗശല ഉത്പന്നങ്ങൾ ലോകത്തിനു മുൻപിൽ പ്രദർശിപ്പിക്കുന്നതിനു വേണ്ടി ഇരിങ്ങൽ ക്രാഫ്റ്റ് |

| | | | |
|---|---|---|---|
| | ഉറപ്പിക്കുക വഴി വികസനത്തിന്റെ വിവിധ മേഖലകളുമായി യോജിച്ചുകൊണ്ട് സംസ്ഥാനത്തെ ടൂറിസം വ്യവസായം ശക്തിപ്പെടുത്തുന്നതിനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | | വില്ലേജ്, വെള്ളാർ ക്രാഫ്റ്റ് വില്ലേജ് എന്നിവ കേരള ടൂറിസത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. കേരള ടൂറിസത്തെ ലോകത്തിനു മുൻപിൽ പ്രസിദ്ധമാക്കിയ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെ പ്രാദേശിക സംരംഭങ്ങളെയും പ്രദേശവാസികളെയും ടൂറിസത്തിന്റെ ഗുണഭോക്താക്കളാക്കാൻ സാധിച്ചിട്ടുണ്ട്. മേൽപദ്ധതികളുടെ വിപുലീകരണത്തിലൂടെയും തുടർച്ചയിലൂടെയും ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ